**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **07-12-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഡീ ഡീസാലിനേഷൻ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | **ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രാരംഭ ചർച്ച 06.11.2021-ൽ മുനമ്പം ഹാർബർ കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. തുടർന്ന് 07.11.2021-ൽ സ്ഥലം എം.എൽ.എ., ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ ചർച്ചയുടെ വിശദാംശങ്ങൾ അറിയിക്കുകയുണ്ടായി. ടി പ്രോജക്ടിന്റെ PER തയ്യാറാക്കുവാൻ National Institute of Ocean Technology (NIOT) യോട് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത PER നവംബർ 2021-ൽ NIOT സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി PER പഞ്ചായത്ത് അധികൃതർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി, മത്സ്യതൊഴിലാളി എന്നിവരുടെ പ്രതിനിധികൾക്കായി വീഡിയോ കോൺഫറൻസ് വഴി 14.01.2022-ൽ അവതരിപ്പിക്കുകയും ചെയ്തു. 21.08.2022-ൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന DDC യോഗ തീരുമാന പ്രകാരം 12.10.2022.-ൽ കുഴുപ്പിള്ളി വില്ലേജ് അധികൃതർ, വാട്ടർ അതോറിറ്റി അധികൃതർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സ്ഥല പരിശോധന നടത്തുകയും നിർദ്ദിഷ്ട പദ്ധതിക്കായി കുഴുപ്പിള്ളി വില്ലേജ് ബ്ലോക്ക് 1 റീസർവ്വെ 12/2-ന് പടിഞ്ഞാറ് ഭാഗത്ത് സർവ്വേ പൂർത്തിയാക്കാത്ത ഭൂമിയായ 60 സെൻറ് സ്ഥലം കടൽ ഭിത്തിക്ക് പടിഞ്ഞാറ് ഭാഗം ലഭ്യമാക്കുന്നതിനുവേണ്ടി റീസർവ്വെ നടത്തുന്നതിനും തുടർ നടപടികൾക്കുമായി ബഹു:ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കൂടാതെ NIOT യുടെ സഹായത്തോടെ ടി പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു.** |
| (ബി) | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ കുഴപിള്ളി വില്ലേജിലെ അറുപത് സെന്റ് സ്ഥലം ജല അതോറിറ്റിക്ക് ലഭ്യമാക്കുന്നതിൽ തടസമുണ്ടോ; | (ബി) | **ഉണ്ട്.** |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത തടസ്സം ഒഴിവാക്കികിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) | **നിർദ്ദിഷ്ട പദ്ധതിക്കായി കുഴുപ്പിള്ളി വില്ലേജ് ബ്ലോക്ക് റീസർവ്വെ 12/2- ന് പടിഞ്ഞാറ് ഭാഗത്ത് സർവ്വേ പൂർത്തിയാക്കാത്ത ഭൂമിയായ 60 സെന്റ് സ്ഥലം കടൽഭിത്തിക്ക് പടിഞ്ഞാറ് ഭാഗം ലഭ്യമാക്കുന്നതിനായി റീസർവ്വെ നടത്തുന്നതിനും തുടർ നടപടികൾക്കുമായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും നിലവിലുള്ള നിയമ പ്രകാരം ഭൂമി കൈമാറ്റം, ഉപയോഗാനുമതി തുടങ്ങിയ വിഷയത്തിൽ സർക്കാരിന്റെ സേവന വകുപ്പുകൾ അല്ലാത്ത സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് അനുമതി വാങ്ങേണ്ടതാണെന്നും,കേരള വാട്ടർ അതോറിറ്റി സേവന വകുപ്പല്ലാത്തതിനാൽ നിലവിലുള്ള നിയമ പ്രകാരം കമ്പോള വില ഈടാക്കി ഭൂമി പതിച്ചോ, പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ച വരുന്നതെന്നും അപ്രകാരം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ജില്ലാകളക്ടറുടെ ഓഫീസിൽ നിന്നും അറിയിക്കുകയുണ്ടായി. ആയതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.** |

സെക്ഷൻ ഓഫീസർ